# കാതോലിക്കേറ്റ്
## മലങ്കരയിലെ
# വെള്ളിനക്ഷത്രം


മലങ്കരയുടെ പൊൻതാരകമായ കാതോലിക്കാ സ്ഥാപനത്തെയും
ചരിത്ര വഴികളെയും സ്വയം ശീർഷക്കത്തെയും കുറിച്ച് ...


**ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

മലങ്കരസഭയുടെ ദേശീയ സ്വാത
ന്ത്ര്യത്തിന്റെയും സ്വയംശീർഷ
കത്തിന്റെയും പ്രതീകമാണ്
കാതോലിക്കസ്ഥാനം. മാർ തോമ്മാ
ശ്ലീഹായുടെ കാലം മുതൽ മലങ്കരസഭ
അനുഭവിച്ചു വന്ന സർവ്വസ്വതന്ത്രമായ
നിലനില്പിന്റെയും തനിമയുടെയും
സാർവ്വദേശീയമായ ഒരംഗീകരണം മാത്ര
മാണ് 1912-ലെ കാതോലിക്കസ്ഥാപനം
കൊണ്ട് മലങ്കരസഭയിൽ സംജാതമായി
ട്ടുള്ളത്. മാർത്തോമ്മായുടെ മക്കൾക്ക്
ക്രിസ്തീയ വിശ്വാസം അഭംഗുരം
പുലർത്തിക്കൊണ്ടു പോകുവാൻ സാമൂ
ഹികവും വിദ്യാഭ്യാസപരവും സംഘട
നാത്മകവുമായ തലങ്ങളിൽ ബുദ്ധിമുട്ടു
കൾ നേരിട്ട സന്ദർഭങ്ങളിൽ വിദേശ
ത്തുള്ള സഹോദര ക്രിസ്തീയ സഭക
ളിൽ നിന്നും 4-ാം നൂറ്റാണ്ടുമുതൽ
സഹായം ലഭ്യമായിരുന്നു. എങ്കിലും മല
ങ്കരസഭ വൈദേശികഭരണത്തെ
എക്കാലത്തും എതിർത്തു കൊണ്ടി
രിക്കയോ മനസ്സില്ലാമനസ്സോടെ
സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്.
റോമാസാമ്രാജ്യത്തിലും പേർഷ്യൻ
സാമ്രാജ്യത്തിലും അർമ്മീനിയൻ
സഭയിലും ഈജപ്തിലെയും
എത്യോപ്യയിലെയും സഭകളിലും
ലഭിച്ച ക്രിസ്തീയ വിശ്വാസംകാല
ദേശ സംസ്ക്കാരതലങ്ങളിൽ തദ്ദേ
ശീയമാക്കുവാൻ വളരെ അനുകൂല
സാഹചര്യങ്ങൾ അവിടവിടങ്ങളിൽ
ഉണ്ടായിരുന്നു. എന്നാൽ ഇതുപോ
ലുള്ള സാഹചര്യങ്ങൾ മാർത്തോ
മ്മായുടെ മക്കൾക്ക് കിട്ടിയിരുന്നി
ല്ലെന്നതാണ് ഈ സഭ നൂറ്റാണ്ടുക
ളോളം വൈദേശിക സഭകളുടെ
ആരാധനാജീവിതശൈലിയെ അവ
ലംബിക്കേണ്ടിവന്നതിന്റെ കാരണം.
ഈ ഒരു ലക്ഷ്യം സ്വപ്നം കണ്ടു
കൊണ്ടിരുന്ന മലങ്കരസഭയ്ക്ക് ഉദി
ച്ചുയർന്ന ഒരു വെള്ളിനക്ഷത്രമായി
രുന്നു മലങ്കരസഭയിലെ കാതോ
ലിക്ക സ്ഥാപനം.

**1. ചരിത്ര പശ്ചാത്തലം**

മലങ്കരയിൽ എ.ഡി. 52-ൽ
എത്തിയ മാർതോമ്മാശ്ലീഹ എ.ഡി.
72-ൽ രക്തസാക്ഷിമരണം പ്രാപി
ക്കുന്നതിനിടയിൽ ഈ സഭയ്ക്കാവ
ശ്യമായ ഭരണക്രമീകരണവും ആരാ
ധനാ ജീവിതശൈലിയും സംസ്ഥാ
പിച്ചിരുന്നിരിക്കണം. എന്നാൽ ഈ
പാരമ്പര്യം അധികകാലം നിലനി
ന്നില്ലയെന്ന് ഉദയംപേരൂർ സുന്നഹ
ദോസിന്റെ നിശ്ചയങ്ങൾ വെളിവാ
ക്കുന്നു. ഹൈന്ദവരിൽ നിന്ന്
ക്രിസ്ത്യാനികളായവർ പ്രാദേശിക
സാംസ്ക്കാരിക തനിമയിൽ എത്ര








> ‘കാതോലിക്ക്’സ്ഥാന നാമത്തോട് പാത്രി യർക്കീസെന്നോ, ആർച്ചു ബിഷപ്പെന്നോ, പാപ്പായെന്നോ ഒന്നും കൂട്ടിച്ചേർക്കേണ്ട ആവശ്യം ഇല്ല.

മാത്രം വളരുവാൻ ശ്രമിച്ചു എന്നതിനു തെളിവില്ല. എ.ഡി. 4–ാം നൂറ്റാണ്ടുമുതൽ പേർഷ്യയിലെ പീഡനങ്ങൾ മൂലം കേരളത്തിലേക്ക് ഓടി രക്ഷപ്പെട്ടുവന്ന ക്രിസ്ത്യാനികൾ അവർക്കു പരിചിതമായിരുന്ന ആരാധനാക്രമങ്ങളും സഭാപാരമ്പര്യങ്ങളും ഇവിടെ കൊണ്ടുവന്നത് പേർഷ്യൻ സഭയുമായി കേരളത്തിലെ ക്രിസ്ത്യാനികൾക്ക് ബന്ധമുണ്ടാകുവാൻ കാരണമായി. ഇത് 16–ാം നൂറ്റാണ്ടുവരെ തുടർന്നു. എഡേസായിൽനിന്നു വന്ന സുറിയാനി സുവിശേഷക്കാരുടെ സ്വാധീനത്തെ ഒഴിവാക്കി 3–ാം നൂറ്റാണ്ടിൽത്തന്നെ പേർഷ്യൻ സഭ അതിന്റെ ദേശീയ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത് ‘പാപ്പാ’ എന്ന പേരിൽ അറിയപ്പെട്ടത് പിന്നീട് ‘കാതോലിക്കോസ്’ എന്ന ഗ്രീക്ക് സംജ്ഞയിൽ കൂടി സ്ഥാപിക്കപ്പെട്ട സർവ്വസ്വതന്ത്രമായ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തിലൂടെയാണ്. ചില പ്രത്യേക കാരണങ്ങൾകൊണ്ട് ഈ പേർഷ്യൻ കാതോലിക്കേറ്റ് 5–ാം നൂറ്റാണ്ടിൽ നെസ്തോറിയ വിശ്വാസം സ്വീകരിച്ചതിനാൽ അവിടെ ഇതിനെതിരായി ഒരു വിഭാഗം നിലകൊണ്ടു. ആറാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് രാജാവിനെ പരാജയപ്പെടുത്തി പേർഷ്യക്കാർ പിടിച്ചുകൊണ്ടുവന്ന സുറിയാനിക്കാർ അന്ത്യോഖ്യ പാത്രിയർക്കീസിനോടു വിധേയത്വം പുലർത്തിയിരുന്നു. ഇവർ പേർഷ്യയിലെ നെസ്തോറിയ വിശ്വാസത്തിനെതിരായി നിന്ന പേർഷ്യൻ ക്രിസ്ത്യാനികളുമായി യോജിച്ചു. ഇവരുടെ മേലദ്ധ്യക്ഷനായി അന്ത്യോഖ്യ പാത്രിയർക്കീസ് വാഴിച്ചു നൽകിയതാണ് തെഗ്രീസിലെ സുറിയാനിക്കാരുടെ ‘മപ്രിയാനാ സ്ഥാപനം’. പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്ന കേരളത്തിലെ മാർത്തോമ്മായുടെ സഭ മപ്രിയാനായുടെ കീഴിൽ ഒരിക്കലെങ്കിലുമായിരുന്നതായി യാതൊരു ചരിത്രരേഖകളുമില്ല. കേരളത്തിലെ സഭ പേർഷ്യയിലെ നെസ്തോറിയ സഭയുമായി ബന്ധപ്പെട്ടിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന നെസ്തോറിയ പാരമ്പര്യത്തിലുള്ള ആദായിയുടെയും മാറിയുടെയും കുർബാന തക്സായും ആരാധനാപാരമ്പര്യവും മാറ്റുവാൻ തീരുമാനിച്ച ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളിൽ കൂടി ഈ ബന്ധം തെളിവാകുന്നു. പോർട്ടുഗീസ് മിഷനറിമാർ റോമൻ കത്തോലിക്ക വിശ്വാസത്തെ 16–ാം നൂറ്റാണ്ടിൽ പേർഷ്യയിൽ അടിച്ചേൽപ്പിച്ച് അവിടെ ഒരു റോമൻ പക്ഷപാതിയായ കാതോലിക്കേറ്റ് സൃഷ്ടിച്ചതുപോലെ 1599–ൽ ഉദയംപേരൂർ സുന്നഹദോസിലൂടെ പോർട്ടുഗീസുകാരനായിരുന്ന ഗോവൻ ആർച്ചുബിഷപ്പ് മെനസ്സിസ് കേരളത്തിലെ മാർത്തോമ്മായുടെ മക്കളെയും 1653–ലെ കൂനൻ കൂരിശു സത്യംവരെ 54 വർഷത്തിലേക്ക് പൂർണ്ണമായും റോമാ സഭയുടെ അടിമത്തത്തിലാക്കി. കൂനൻകുരിശു സത്യത്തിൽ മാർത്തോമ്മായുടെ സ്വന്തം മക്കൾക്കു നഷ്ടപ്പെട്ടത് 80 പള്ളികൾ; സ്വന്തമായിത്തീർന്നവയോ 40 പള്ളികൾ മാത്രം.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശ്രമഫലമായി അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴിലുണ്ടായിരുന്ന യെരുശലേമിലെ മാർ ഗ്രിഗോറിയോസ് 1665–ൽ മലങ്കരയിൽ എത്തി പേർഷ്യൻ–റോമൻ ആചാരാനുഷ്ഠാനങ്ങളെ ക്രമേണ നീക്കം ചെയ്ത് അന്ത്യോഖ്യൻ സുറിയാനി സഭാപാരമ്പര്യം സ്ഥാപിച്ചു. മലങ്കരസഭ നസ്രാണികളുടെ ഉൾഭരണം നടത്തിയിരുന്ന അർക്കദയാക്കോന്റെ ഭരണത്തിനു തിരശ്ശീല ഇട്ടുകൊണ്ട് നാട്ടുകാരനായ മെത്രാനെ വാഴിച്ചു ഭരണകർത്താവാക്കി. എങ്കിലും അന്ത്യോഖ്യയിൽ നിന്ന് ഇടയ്ക്കിടെ വന്നുകൊണ്ടിരുന്ന മെത്രാന്മാർ നാട്ടുമെത്രാന്മാരുടെമേൽ അധികാരം പ്രയോഗിക്കുവാൻ തുടങ്ങി.

18–ാം നൂറ്റാണ്ടുമുതൽ മലങ്കര സഭയ്ക്ക് ആംഗ്ലിക്കൻ സഭയുമായുണ്ടായ ബന്ധം ശ്രദ്ധേയമാണ്. ക്ലോഡിയസ് ബുക്കാനൻ തനിക്കു സമ്മാനമായി പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് ഒന്നാമനിൽ നിന്നും ലഭിച്ച സുറിയാനി പുസ്തകം മലയാളത്തിലാക്കി നൽകിയത് സന്തോഷകരമെങ്കിലും അവരുടെ വേദശാസ്ത്ര നിഗമനങ്ങൾ ഉൾക്കൊള്ളണമെന്ന ആഗ്രഹം മലങ്കര സഭാമക്കളെ രണ്ടാമതൊരു ഭിന്നതയിലേക്കു നയിച്ചു. നവീകരണക്കാരിൽ നിന്നും രക്ഷപെടുവാൻ അന്ത്യോഖ്യ പാത്രിയർക്കീസിനെ ശരണപ്പെട്ട മലങ്കരസഭാ മക്കൾ പരോക്ഷമായി അന്ത്യോഖ്യൻ നുകം കഴുത്തിൽ എടുത്തുവയ്ക്കേണ്ട അവസ്ഥയിലെത്തി. അങ്ങനെ കേരളത്തിലെ സഭ ഇംഗ്ലീഷുകാരുമായി കൂടിയവരും നവീകരണക്കാരായ മാർത്തോമ്മാക്കാരും അന്ത്യോഖ്യ മേലധികാരം സ്വീകരിച്ച സുറിയാനിക്കാരുമായി മൂന്നു വിഭാഗക്കാരായി ത്തീർന്നു. 1875–ലെ മുളന്തുരുത്തി സുന്നഹദോസിൽ അന്ത്യോഖ്യ പാത്രിയർക്കീസ് പത്രോസ് തൃതീയന്റെ മേൽക്കോയ്മയിൽ സഭയെ ഏഴു മെത്രാസനങ്ങളാക്കി വിഭജിച്ചു; മെത്രാന്മാരെ വാഴിച്ചു നൽകി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും നിലവിൽ വന്നു. ഇദം പ്രഥമമായി മലങ്കര സഭാമക്കൾ പത്രോസ് പാത്രിയർക്കീസിനോട് മലങ്കരസഭയ്ക്ക് ഒരു ദേശീയ തലവനായി സർവ്വാധികാരമുള്ള ഒരു കാതോലിക്കാസ്ഥാപനം ആവശ്യപ്പെട്ടു. അദ്ദേഹം നിരസിക്കുകയും ഇനി ഈ ആവശ്യമുന്നയിക്കുന്നവർ പരിശുദ്ധാത്മാവിനാൽ ശപിക്കപ്പെട്ടവരാണെന്നു പ്രഖ്യാപിക്കുകയും ചെയ്ത് മടങ്ങിപ്പോയി.

**2. കാതോലിക്കേറ്റിന്റെ പ്രസക്തി**

കാതോലിക്കാ സ്ഥാപനത്തിന്റെ ആശയം ഉന്മൂലനം ചെയ്യുവാൻ മലങ്കരയിലെ പള്ളികളുടെ ഉടമസ്ഥാവകാശം ചോദിച്ച അബ്ദുള്ള പാത്രിയർക്കീസ് അതിന് തയ്യാറാകാതിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ 1911–ൽ മുടക്കി. ഇത് കാതോലിക്കാ സ്ഥാപനത്തിന്റെ അനിവാര്യത മലങ്കര സഭാമക്കൾക്ക് ബോധ്യമാക്കി. 1912–ൽ മലങ്കരയിൽ എത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുൽ മശിഹാ ‘കിഴക്കിന്റെ കാതോലിക്കേറ്റ്’നെ മലങ്കരയിൽ സ്ഥാപിച്ചു. ഇതു സംബന്ധിച്ച പാത്രിയർക്കീസിന്റെ കല്പനയിൽ തിഗ്രീസിലെ മപ്രിയാനായ്ക്കുള്ള സ്ഥാനമല്ല വിവക്ഷിച്ചത്. മപ്രിയാനാ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനി ആയിരുന്നു. ‘കിഴക്കിന്റെ കാതോലിക്കേറ്റ്’ൽ സർവ്വസ്വതന്ത്ര ഭരണ സംവിധാനം വിവ

*ശേഷം 45–ാം പേജിൽ*

## കാതോലിക്കേറ്റ്...

9-ാം പേജിൽ നിന്നു തുടർച്ച...

ക്ഷിച്ചു. പാത്രിയർക്കീസിന്റെ എല്ലാ അധികാരങ്ങളും തുല്യമായി കാതോലിക്കായ്ക്കും ഉള്ളതായി വിളംബരം ചെയ്തു. 1934 ലെ മലങ്കരസഭാ ഭരണഘടന അതിൻപ്രകാരം ക്രോഡീകരിച്ചു. 1958-ലെയും 1995 ലെയും സുപ്രീം കോടതി വിധിയിലൂടെ ഈ സത്യം അരക്കിട്ടുറപ്പിക്കുകയും ചെയ്തു. മലങ്കരസഭയ്ക്ക് ന്യായമായും രൂപീകരിച്ച് വിളംബരം ചെയ്യാമായിരുന്ന കാതോലിക്ക സ്ഥാപനം നൂറ്റാണ്ടുകൾക്കു ശേഷം ദീർഘമായ ഒരു കാത്തിരിപ്പിന്റെ ഫലമായി പരിശുദ്ധാത്മാവ് ദാനമായി നൽകിയെന്നു കണക്കാക്കാം.

മലങ്കരയുടെ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷങ്ങൾ നടത്തുവാൻ നാം തയ്യാറെടുക്കുന്ന ഈ സാഹചര്യത്തിൽ കാതോലിക്കേറ്റിന്റെ പ്രസക്തി വിശദമാക്കേണ്ടിയിരിക്കുന്നു. മലങ്കരയിലെ കാതോലിക്കാസ്ഥാപനം എന്നതിൽ കൂടി മലങ്കരസഭാ മേലദ്ധ്യക്ഷന് മെത്രാന്മാർക്കു പട്ടം കൊടുക്കുവാനും മൂറോൻ കൂദാശ ചെയ്യുന്നതിനുമുള്ള സർവ്വസ്വാതന്ത്ര്യമുണ്ടെന്നു മാത്രമേ നാം പലപ്പോഴും കാണുന്നുള്ളു. കാതോലിക്കേറ്റിന്റെ സാംഗത്യം ഇതിലൊക്കെ വളരെ ഉന്നതമാണ്. മൂറോൻ കൂദാശയും മേല്പട്ടക്കാരെ വാഴിക്കുന്നതും ഒരു സ്വതന്ത്ര സഭയായി തുടരുന്നതിനു നമ്മെ സഹായിക്കുന്നു. എന്നാൽ ഇവിടുത്തെ കാതോലിക്കേറ്റിന്റെ പ്രസക്തി സ്വാതന്ത്ര്യത്തിലൂന്നി ദൈവസ്നേഹത്തിന്റെ ആവിഷ്ക്കാരം എല്ലാ തലങ്ങളിലും പ്രസ്പഷ്ടമാക്കുക എന്നതാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഇത് വിശുദ്ധവും ഏകവും കാതോലികവും അപ്പസ്തോലികവുമാണ്. സഭയുടെ വിശുദ്ധി സംരക്ഷിക്കുവാൻ കൗദാശികമായ അനുഷ്ഠാനങ്ങളും ആചാരമര്യാദകളും നാം മുറുകെപ്പിടിക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന വിവിധ സഭകളുടെ സഹവർത്തിത്വത്തിൽ കഴിയുന്ന കാതോലിക്കേറ്റിന് ഏറ്റവും കുറഞ്ഞത് മാർത്തോമ്മാ പൈതൃകത്തിലുള്ള ക്രിസ്തീയ വിഭാഗങ്ങളുടെയെങ്കിലും ഐക്യത്തിനു വിനയപൂർവ്വം ശ്രമിക്കുവാൻ സഭയുടെ 'ഏകം' എന്ന സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു ബാധ്യതയുണ്ട്. ഒരുപക്ഷെ, മറ്റു വിഭാഗങ്ങളുമായി യോജിച്ച് ഒരു സഭയായി പൂർണ്ണ അർത്ഥത്തിൽ പോകുവാൻ പെട്ടെന്ന് സാധിച്ചെന്നു വരുകയില്ലെങ്കിലും അവരുമായി കൂടുതൽ സുഹൃദ്ബന്ധത്തിൽ ജീവിക്കുവാൻ നമുക്കു കഴിയേണ്ടതല്ലേ?

സഭയിൽക്കൂടി ക്രിസ്തു സർവ്വജാതികൾക്കുമായി ദാനം ചെയ്യുന്ന രക്ഷാസന്ദേശം എല്ലാവർക്കും എത്തിക്കുകയെന്നതിൽ അധിഷ്ഠിതമാണല്ലോ സഭയുടെ കാതോലികത. ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിൽക്കൂടെ തന്റെ മനുഷ്യരായ സർവ്വ മക്കൾക്കും നൽകുന്ന സ്വാതന്ത്ര്യവും സമാധാനവും എല്ലാവർക്കും അനുഭവവേദ്യമാക്കി സർവ്വമനുഷ്യരെയും ദൈവരാജ്യ ജീവിതശൈലിയിലാക്കിത്തീർക്കുകയെന്നതല്ലേ സഭയുടെ മിഷൻ അഥവാ ദൗത്യം? ക്രിസ്ത്യാനികളുടെ ഒരു ലോക സാമ്രാജ്യസ്ഥാപനം എന്നതിൽ നിന്നു വ്യത്യസ്തമായി ക്രിസ്തീയ ആത്മീയ ദർശനങ്ങളുടെ ചക്രവാളത്തിൽ മനുഷ്യവർഗ്ഗത്തെ മുഴുവനും ഉൾപ്പെടുത്തുവാൻ കഴിയുമ്പോഴാണ് സഭയുടെ കാതോലികത്വം യാഥാർത്ഥ്യമാകുന്നത്.

നമ്മുടെ ആരാധന സർവ്വമനുഷ്യരെയും സമസ്തലോകത്തെയും രൂപാന്തരപ്പെടുത്തുന്നതിനുള്ള പ്രക്രിയയായി മാറ്റുമ്പോൾ 'പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്ന ദൈവത്തിന്റെ ആത്യന്തിക പദ്ധതിയിൽ നാം ഭാഗഭാക്കാക്കിത്തീരും.' നമ്മുടെ വിജ്ഞാനാന്വേഷണവും സേവനശുശ്രൂഷകളും സഭയുടെ നാലു മതിലുകൾക്കപ്പുറമായി കടന്നെത്തുമ്പോൾ ക്രിസ്തു ക്രൂശിൽക്കൂടി നൽകിയ സ്നേഹസന്ദേശം അതിന്റെ സാർവ്വലൗകിക ആവിഷ്ക്കാരത്തിലെത്തും. ഇവിടെ സഭയുടെ കാതോലികത പ്രസ്പഷ്ടമാകും. പാപത്തിന്റെ പിടിയിൽപ്പെട്ടു നട്ടംതിരിയുന്നവർക്ക് മാനസാന്തരത്തിനായി പ്രവർത്തിക്കുന്നതിലും അക്രമവാസനയുള്ളവരെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിലും വിപരീത സാഹചര്യങ്ങളിൽ നിരാശരായിക്കഴിയുന്നവർക്ക് ജീവിതപ്രത്യാശ നൽകുന്നതിലും ദാരിദ്ര്യം അനുഭവിക്കുന്നവരുടെ സാമ്പത്തിക ഉന്നമനത്തിനു പ്രയത്നിക്കുന്നതിലും നിരക്ഷരജനകോടികളെ പ്രാഥമിക വിദ്യാഭ്യാസത്തിലെത്തിക്കുന്നതിലും വഞ്ചനയും കാപട്യവും ചൂഷണവും നടത്തുന്നവരെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിലും വ്യഭിചാര സംഘങ്ങളെയും ക്വട്ടേഷൻ സംഘങ്ങളെയും ഒക്കെ നീതിമാർഗ്ഗത്തിൽ കൊണ്ടുവരുന്നതിലുമൊക്കെ ശ്രമിക്കുമ്പോൾ ക്രിസ്തു സന്ദേശത്തെ സംവേദനം ചെയ്യുന്ന സഭയുടെ കാതോലികത വെളിവാകുന്നു.

മാർ തോമാശ്ലീഹായുടെ പിൻഗാമിത്വവും അപ്പോസ്തോലിക പിൻതുടർച്ചയും അവകാശപ്പെടുവാൻ അർഹതയുള്ള ഇൻഡ്യയില ക്രൈസ്തവസഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതിചെയ്യുന്ന വൈദിക മേലദ്ധ്യക്ഷസ്ഥാനമാണ് കാതോലിക്കേറ്റ്. മറ്റേതൊരു സഭയുടെയും മേലദ്ധ്യക്ഷനു പറയപ്പെടുന്ന 'പാത്രിയർക്കീസ്', ആർച്ചുബിഷപ്പ്, പാപ്പാ തുടങ്ങിയ എല്ലാ സ്ഥാനനാമങ്ങളും സ്വയം ശീർഷകത്വവും അപ്പോസ്തോലിക പിൻതുടർച്ചയുമുള്ള മലങ്കരയിലെ കാതോലിക്കേറ്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ 'കാതോലിക്ക'സ്ഥാന നാമത്തോട് പാത്രിയർക്കീസെന്നോ, ആർച്ചുബിഷപ്പെന്നോ, പാപ്പായെന്നോ ഒന്നും കൂട്ടിച്ചേർക്കേണ്ട ആവശ്യം ഇല്ല. കാതോലിക്കേറ്റിന്റെ ഈ അത്യുന്നത സഭാപദവിക്ക് വിട്ടുവീഴ്ച വരുത്തി അതിനെ ചെറുതാക്കി കാണിക്കേണ്ട ആവശ്യം മലങ്കര നസ്രാണികൾക്കില്ല. അപ്രകാരം ചെയ്താൽ അത് ഈ സഭയുടെ അപ്പോസ്തോലികത്വത്തെ ബലികഴിക്കുന്നതിനു തുല്യമായിരിക്കും.

മലങ്കരയിലെ അപ്പോസ്തോലിക് കാതോലിക്കേറ്റ് അതിന്റെ ദൗത്യനിർവ്വഹണത്തിലൂടെ അതിന്റെ സ്വത്വത്തിന്റെ പ്രഭാവം പ്രകടമാക്കേണ്ടിയിരിക്കുന്നു. നാം ഇന്ന് പുലർത്തുന്ന ആരാധന പാരമ്പര്യത്തെ ഭാരതീയമാക്കിത്തീർത്തുകൊണ്ട് കാതോലിക്കേറ്റിന്റെ സഭാപരമായ ഭാരതീയ വ്യക്തിത്വവും ദേശീയ സ്വാതന്ത്ര്യവും ആവിഷ്ക്കരിക്കുവാൻ സാധിക്കുമ്പോൾ സഭയുടെ കാതോലിക്കേറ്റിന്റെ അപ്പോസ്തോലികത കൂടുതൽ ശോഭയുള്ളതായിത്തീരും. സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ-

"കാലോചിതമായ നിയമങ്ങളും നടപടികളും സഭയിൽ ക്രമപ്പെടുത്തുവാൻ അതിന്റെ ഭരണക്കാർക്ക് നീ ബോധജ്ഞാനം കൊടുക്കണമെ"

(പാമ്പാക്കുട നമസ്ക്കാരം)

എന്നത് പിതാക്കന്മാർ മുന്നമെ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. ■